# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2567 — 06/12/2018-ൽ മറുപടിക്ക്

### പാപ്പനംകോട് കേന്ദ്രമാക്കി കെ.എസ്.ഇ.ബി യൂണിറ്റ് തുടങ്ങുന്നതിന് നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ഒ. രാജഗോപാൽ | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| | തിരുവനന്തപുരം പൂജപ്പുര കെ.എസ്.ഇ.ബി ഓഫീസിന്റെ പരിധിയിൽ നിന്നും പതിനയ്യായിരത്തോളം കണക്ഷനുകൾ മാറ്റി പാപ്പനംകോട് കേന്ദ്രമാക്കി ഒരു യൂണിറ്റ് തുടങ്ങുന്നതിന്റെ നടപടികൾ ഏതുവരെയായി; ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ? | | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ചിലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുകയോ അല്ലെങ്കിൽ വാടകരഹിത കെട്ടിടം ലഭിക്കുകയോ ചെയ്യുന്ന മുറയ്ക്ക് പാപ്പനംകോട് സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാനായിരുന്നു ബോർഡ് തീരുമാനിച്ചിരുന്നത്. എന്നാൽ മേൽ സൂചിപ്പിച്ച പ്രകാരം വാടക രഹിത കെട്ടിടമോ സ്ഥലമോ ഇതുവരെ ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ ഉപഭോക്താക്കളുടെ സൗകര്യാർത്ഥം പൂജപ്പുര ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും പതിനൊന്നായിരത്തോളം ഉപഭോക്താക്കളെ കരമന ഇലക്ട്രിക്കൽ സെക്ഷനിലേയ്ക്ക് മാറ്റുവാനും കരമന ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് പാപ്പനംകോട് നിവാസികൾക്കു കൂടി സൗകര്യമാകും വിധം കരമന പാലത്തിന്റെ തെക്കു മാറ്റി സ്ഥാപിക്കാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ